"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 - ഐ. സി.ഡി. പി. തൃശ്ശൂർ രണ്ടാം ഘട്ടം - ധനസഹായം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.120/2025/Co-Op തീയതി,തിരുവനന്തപുരം, 05-03-2025

---

പരാമർശം:- 1. 30/10/2015 ലെ എൻ സി ഡി സി :3-12(18)2013-ഐ സി ഡി പി/126/എ 150014 നം കത്ത് .

2. സ.ഉ (സാധാ) നം.429/2018/സഹ തീയതി 14/07/2018

3. സ.ഉ(സാധാ) നം. 567/2020/സഹ തീയതി 04/11/2020

4. 17/12/2024 ലെ ഡി ഓ ലെറ്റർ നം.എൻ സി ഡി സി 3-1285-ഐ സി ഡി പി നം കത്ത്

6. സഹകരണ സംഘം രജിസ്ട്രാറുടെ05/10/2024 ലെ ആർ.സി.എസ്/3063/2020/ഐ സി ഡി പി നം കത്ത്

7. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**ഉത്തരവ്**

ഐ.സി.ഡി.പി തൃശ്ശൂർ രണ്ടാം ഘട്ട പദ്ധതിയ്ക്ക് 8003.77 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി. യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കോരള സംസ്ഥാന സഹകരണ ബാങ്കിനെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയായി പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (4) കത്ത് പ്രകാരം ഐ.സി.ഡി.പി. പദ്ധതിയുടെ അനുമതി കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ച് ലഭ്യമായിട്ടുണ്ട്.

**2.** ഗുണഭോക്തൃ സംഘങ്ങൾക്ക് ഉപപദ്ധതികൾ പൂർത്തിയാക്കുന്നതിന് നാളിത് വരെ അനുവദിച്ച ധനസഹായം ഗഡുക്കളായി തിരിച്ചടക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ **31.03.2024** വരെയുള്ള ഗഡുക്കൾ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ **2024-25** ബഡ്ജറ്റ് വിഹിതത്തിന് അനുസൃതമായി **13** സംഘങ്ങൾക്ക് വായ്പ **(6425-108-74) - 13,84,5000** രൂപ, ഓഹരി **(4425-108-71) - 14,88,0000** രൂപ ശീർഷകങ്ങളിൽ നിന്നും **2,87,25,000** രൂപ അനുവദിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(6)** കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.സി.ഡി.പി. തൃശ്ശൂർ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പരാമർശം **(6)** കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്ന **13** സംഘങ്ങൾക്ക് വായ്പ ഇനത്തിൽ **6425-00-108-74** ശീർഷകത്തിൽ നിന്നും **69,22,500** രൂപയും ഓഹരി ഇനത്തിൽ **4425-00-108-71** എന്ന ശീർഷകത്തിൽ നിന്നും **74,40,000** രൂപയും ചേർത്ത് ആകെ **1,43,62,500** രൂപ (നൂറ്റി നാൽപ്പത്തിമൂന്ന് ലക്ഷത്തിഅറുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം), **NCDC** ധനസഹായത്തോടെയുള്ള ഐ.സി.ഡി.പി. പദ്ധതികളുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തുക **NCDC**-യിൽ നിന്നും പ്രതിപൂരണം ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ ആനുപാതികമായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4.** പ്രസ്തുത തുക, പരാമർശം **(7)** പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് കൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, **2024-25** സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**AJI PHILIP**

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/185/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 05-03-2025 13:14:02

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്